(22) പ്രസവത്തോടനുബന്ധിച്ച് അമ്മയും കുഞ്ഞും മരണപ്പെട്ടത് സംബന്ധിച്ച്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : സർ, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും അനാസ്ഥ കാരണം യുവതിയും കുഞ്ഞും മരിക്കാൻ ഇടയായ സംഭവം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഗുരുവായൂർ കോട്ടപ്പടി താഴെപറമ്പിൽ മോഹനന്റെ ഭാര്യ സതിയെ പ്രസവവേദനയെത്തുടർന്ന് 22-3-2000-ത്തിന് കുന്ദമംഗലം സർക്കാർ ആശുപത്രിയിൽ എത്തിച്ചു. എന്നാൽ ഓപ്പറേഷൻ വേണ്ടിവരുമെന്നതിനാലും അവിടെ അതിനുള്ള സൗകര്യമില്ലാത്തതിനാലും തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയായിരുന്നു. രണ്ട് മണിയോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തി ലേബർ റൂമിൽ പ്രവേശിപ്പിച്ചുവെങ്കിലും മണിക്കൂറുകളോളം യാതൊരു ചികിത്സയും നല്കിയില്ല. ഓപ്പറേഷൻ ഇല്ലാതെ തന്നെ സമയമാകുമ്പോൾ പ്രസവിച്ചുകൊള്ളുമെന്ന മറുപടിയാണ് ഡ്യൂട്ടിയിലുണ്ടായിരുന്ന നേഴ്സ് ബന്ധുക്കൾക്ക് നല്കിയത്. എന്നാൽ രാവിലെ 8 മണിയോടെ സതി മരിക്കുകയാണുണ്ടായത്. മരിച്ചതിനുശേഷമാണ് കുട്ടിയെ ഓപ്പറേഷൻ ചെയ്ത് എടുത്തതെന്ന് പറയുന്നു. സതിയുടെ മരണത്തെതുടർന്ന് കുഞ്ഞിനെ കുന്ദംകുളത്തെ സ്വകാര്യ ആശുപത്രിയിൽ ഇന്റൻസീവ് കെയർ യൂണിറ്റിൽ സൂക്ഷിച്ചുവെങ്കിലും കുട്ടിയും മരിക്കാൻ ഇടയായി. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അനാസ്ഥമൂലമാണ് ഈ ദാരുണ സംഭവമുണ്ടായത്. ഈ സംഭവം ഇങ്ങനെ വിടരുതെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഇത് തികച്ചും അനാസ്ഥ കൊണ്ട സംഭവിച്ചതാണ്. ഒരു സ്ത്രീയെ രണ്ട് മണിക്ക് ആശുപത്രിയിൽ പ്രവേശിപ്പിക്കുക, രാവിലെ വരെ ചികിത്സ കൊടുക്കാതിരിക്കുക, ആ സ്ത്രീയുടെ കരച്ചിൽ കേട്ട രോഗികൾ അവിടെയുണ്ടായിരുന്നു. അവർ പറയുന്നത് ഇവരെ ഡോക്ടറോ നേഴ്സോ തിരിഞ്ഞുനോക്കിയില്ലെന്നാണ്. ആരാണ് ഈ ഡോക്ടർ എന്ന് പറയണം. പോലീസുകാർ ചോദിച്ചിട്ടുപോലും ആരാണ് ഡ്യൂട്ടിയിലുണ്ടായിരുന്നതെന്ന് പറയാൻ അവർ കൂട്ടാക്കിയില്ല. കുറ്റക്കാർ ആരാണെന്ന് കണ്ടെത്തി ശിക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, 23-3-2000-ത്തിന് രാവിലെ 3.45 ന് സതിയെ കുന്ദംകുളം ആശുപത്രിയിൽ നിന്നും തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുവന്ന് സിസേറിയൻ നടത്തി കുഞ്ഞിനെ പുറത്തെടുത്തു. പക്ഷേ 7.45 ന് സതി നിര്യാതയായി. മൃതദേഹം ഏറ്റുവാങ്ങാൻ ബന്ധുക്കൾ തയ്യാറാകാത്തതുകൊണ്ട് പോലീസ് മൃതദേഹം അടക്കം ചെയ്യാൻ ശ്രമിച്ചു. അന്ന് ഉച്ചയ്ക്ക് തന്നെ കൈക്കുഞ്ഞിനെ വീട്ടുകാർ വാങ്ങി കൊണ്ടുപോയി. കുറെക്കഴിഞ്ഞ് ആ കുട്ടിയും മരിച്ചു. ഏതായാലും ബഹുമാനപ്പെട്ട എം. എൽ. എ. വളരെ വികാരപരമായി ഈ കാര്യം എന്നെ ധരിപ്പിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് അടിയന്തരിമായി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും ശിക്ഷാ നടപടിയുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly